# കാറോസൂസ
## (ദിവ്യബലിയ്ക്ക്)

**ശുശ്രൂഷി:** ജീവന്റെ നാഥനായ ദൈവത്തിൽ നമ്മുടെ വിശ്വാസവും പ്രതീക്ഷയും അർപ്പിച്ച് കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂഷി:** ഞങ്ങളുടെ രാജ്യത്തിന്റെ നിയമനിർമ്മാതാക്കൾ, ഗവർണ്ണർമാർ, പ്രസിഡണ്ട്, എന്നിവർക്ക് സത്യവും നീതിയും ദൈവദാനമായ ജീവനോടുള്ള സ്നേഹവും പ്രചോദനമായിത്തീരുവാൻ കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂഷി:** എല്ലാ ജീവനും ദൈവദൃഷ്ടിയിൽ വിലപ്പെട്ടതാണെന്ന് തിരിച്ചറിയുവാനുള്ള കൃപ ഗർഭസ്ഥ ശിശുക്കളുടെ അവകാശങ്ങളെ അംഗീകരിക്കാത്തവർക്ക് നൽകണമെന്ന് കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂഷി:** വിവാഹമെന്ന കൂദാശയ്ക്കായി ഒരുങ്ങുന്ന എല്ലാവർക്കും തങ്ങൾ ദൈവത്തിന്റെ മഹനീയമായ സൃഷ്ടികർമ്മത്തിലെ സഹകാരികൾ ആണെന്ന ബോദ്ധ്യം ലഭിക്കുന്നതിനായി കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂഷി:** സമൂഹത്തിൽ അവഗണിക്കപ്പെട്ടവർ, അവശർ, വൃദ്ധർ, പാർശ്വവത്കരിക്കപ്പെട്ടവർ, എന്നിവരുടെ ക്ഷേമത്തിനായി അദ്ധ്വാനിക്കുന്നവരിൽ സഹാനുഭൂതിയും മനുഷ്യജീവനോടുള്ള മതിപ്പും ബഹുമാനവും വർദ്ധമാനമാക്കണമേയെന്ന് കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂഷി:** മരണാസന്നരായ ഏവരും തങ്ങളെ ശുശ്രൂഷിക്കുന്നവരിലൂടെ അങ്ങയുടെ സ്നേഹവും കരുതലും അനുഭവിക്കാനിടവരുത്തണമേയെന്ന് കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂഷി:** ദരിദ്രരും അവഗണിക്കപ്പെട്ടവനുമായ ലാസറിനെപ്പോലെ, ഈ ആധുനിക യുഗത്തിൽ മരണസംസ്കാരത്തിനിരകളായ ഓരോരുത്തരും അങ്ങയുടെ നിത്യസമ്മാനം അനുഭവിക്കുവാൻ കൃപ നൽകണമേയെന്ന് കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂഷി:** ഞങ്ങളോടുള്ള അതീവ സ്നേഹത്താൽ മനുഷ്യനായി അവതരിച്ച ഈശോയേ, ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ ഫ്രാൻസിസ് പാപ്പായ്ക്കും അങ്ങളുടെ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്തായ്ക്കും

അങ്ങളുടെ രൂപതാദ്ധ്യക്ഷനായ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിനും മറ്റെല്ലാ മെത്രാന്മാർക്കും മനുഷ്യജീവന്റെ മൂല്ല്യവും മഹനീയതയും വർദ്ധമാനമാക്കുന്നതിനുള്ള അവരുടെ പരിശ്രമങ്ങളിൽ മാർഗ്ഗനിർദ്ദേശവും സഹായവും നൽകി അനുഗ്രഹിക്കണമേയെന്ന് കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മേയും നാമോരോരുത്തരേയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്നു.